


# ഡാർവിൻ
## രണ്ട് നൂറ്റാണ്ട് തികയുമ്പോൾ

കവർസ്റ്റോറി ● എൻ.എച്ച് ഹിബ

**ലോകപ്രശസ്ത** പ്രകൃതി ശാസ്ത്രജ്ഞനായ ചാൾസ് ഡാർവിന്റെ രണ്ടാം ജന്മശതാബ്ദി ആഘോഷിക്കുന്ന വർഷമാണിത്. ഏതാനും വർഷങ്ങൾക്ക് മുമ്പേ അതിനുള്ള തയാറെടുപ്പ് നടന്നിരുന്നു. ലോകമെമ്പാടുമുള്ള പ്രകൃതിശാസ്ത്ര മ്യൂസിയങ്ങളാണ് ആഘോഷങ്ങൾക്കും പ്രദർശനങ്ങൾക്കും നേതൃത്വം നൽകുന്നത്. ഡാർവിന്റെ സമ്പൂർണകൃതികളും കത്തിടപാടുകളും ഇന്റർനെറ്റിൽ ലഭ്യമാക്കിയ കേംബ്രിഡ്ജ് യൂനിവേഴ്സിറ്റി പ്രസും റോയൽ സൊസൈറ്റിയും ലണ്ടനിലെ പ്രകൃതിശാസ്ത്ര മ്യൂസിയവും മുൻനിരയിലുണ്ട്. എന്നാൽ പ്രദർശനത്തിന്റെ കാര്യത്തിൽ ബ്രിട്ടനിലെ ഈ സ്ഥാപനങ്ങളെയെല്ലാം കടത്തിവെട്ടിക്കൊണ്ട് അമേരിക്കയിലെ (ന്യൂയോർക്ക്) പ്രകൃതിശാസ്ത്ര മ്യൂസിയം രംഗത്തുണ്ട്. 2005 നവംബറിൽ ഇവർ ആഘോഷങ്ങൾ തുടങ്ങി. ലോകത്തെ വിവിധ ഭാഗങ്ങളിലുള്ള പ്രകൃതിശാസ്ത്ര മ്യൂസിയങ്ങളിലൂടെ സഞ്ചരിച്ച് ആഘോഷ പരിപാടികൾ 2009-ന് ലണ്ടനിലെ പ്രകൃതി ശാസ്ത്ര മ്യൂസിയത്തിൽ (ഫെബ്രുവരി) സമാപിക്കും. ഈ സന്ദർഭത്തിൽ ഡാർവിൻ സിദ്ധാന്തത്തിന്റെ ഇന്നത്തെ സ്ഥിതിയും ഭാവിയും എന്താണെന്ന് ആലോചിക്കാം.

ചാൾസ് ഡാർവിന്റെ 'ജീവിവർഗങ്ങളുടെ ഉത്ഭവം' എന്ന കൃതിയും സിദ്ധാന്തവും പിൽക്കാലത്തുണ്ടാക്കിയ ആഘാതങ്ങൾ വമ്പിച്ചതാണ്. ഇന്ന് ജീവശാസ്ത്രത്തിന്റെ മാത്രമല്ല എല്ലാ വിജ്ഞാനങ്ങളുടെയും അടിത്തറയായി പരിണാമസങ്കൽപം പരിഗണിക്കപ്പെടുന്നു. വലിയൊരു വിഭാഗം ശാസ്ത്രജ്ഞൻമാർ അതൊരു സംശയാതീതമായി തെളിയിക്കപ്പെട്ട സിദ്ധാന്തമാണെന്നും പ്രകൃതി നിയമമാണെന്നും കരുതുന്നു. എന്നാൽ ബഹുഭൂരിപക്ഷം ശാസ്ത്രജ്ഞരോ ജനങ്ങളോ അങ്ങനെ വിശ്വസിക്കുന്നു എന്നതുകൊണ്ടുമാത്രം പരിണാമസിദ്ധാന്തങ്ങൾ സത്യമാകണമെന്നില്ല. ഭൂമി പരന്നതാണെന്ന് ഒരു കാലത്ത് ശാസ്ത്രജ്ഞരും ജനങ്ങളും വിശ്വസിച്ചിരുന്നല്ലോ. ബഹുഭൂരിപക്ഷം വിശ്വസിക്കുന്നുവോ എന്നതിനേക്കാൾ തെളിവുണ്ടോ എന്നതാണ് പ്രധാനം.

ഏതാനും ദശകങ്ങൾക്ക് മുമ്പ് ഡാർവിനിസത്തിൽ ശാസ്ത്രജ്ഞർക്ക് സംശയമൊന്നും ഉണ്ടായിരുന്നില്ല. എന്നല്ല, ഡാർവിനിസത്തെ സംശയിക്കുന്നവരെ ശാസ്ത്രലോകത്തുനിന്നും ആട്ടിപ്പായിക്കുമായിരുന്നു. എന്നാൽ അപ്രമാദിത്വത്തോടെ ദീർഘകാലം നിലനിന്ന ഡാർവിനിസത്തെ ചോദ്യംചെയ്യുന്ന ശാസ്ത്രജ്ഞരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്നു. ഇരുപത്തിയഞ്ച് വർഷം മുമ്പ് പുറത്തിറങ്ങിയ ഡാർവിനെക്കുറിച്ചുള്ള സമുന്നതമായ ഒരു കൃതിയിൽ പരിണാമവാദിയായ ഹൊവാഡ് എഴുതി: "ഡാർവിന്റെ മരണശതാബ്ദിയോടെ വിജ്ഞാനത്തിനുള്ള ഡാർവിന്റെ സംഭാവനയുടെ വിലയെയും നിലയെയും പറ്റി വ്യാപകമായ സംശയമനോഭാവവും അസ്വസ്ഥതയും ഉണ്ടായി

**ഡാർവിനിസം ഇന്നൊരു ശാസ്ത്ര മൗലികവാദമാണ്. ഡാർവിനിസം ശാസ്ത്രമെന്നതിനേക്കാൾ ശാസ്ത്രമതമാണ്. അൽപം കൂടി സൂക്ഷ്മമായി പറഞ്ഞാൽ ആധുനികതയുടെ മതമാണ് ഡാർവിനിസം. നിരീശ്വര-ഭൗതിക സംസ്കാരത്തിന് ദാർശനികവും ശാസ്ത്രീയവുമായ പരിവേഷം നൽകുക എന്ന ചരിത്രപരമായ ദൗത്യം നിറവേറ്റിയതുകൊണ്ടാണ് ഡാർവിനും ഡാർവിൻ കൃതികളും സ്വീകാര്യത നേടിയത്.**

രുന്നു" (Darwin; Oxford University Press, 1982). ശാസ്ത്രരംഗത്തുണ്ടാകുന്ന കണ്ടെത്തലുകളെല്ലാം ഡാർവിനിസത്തെ ശരിവെക്കുന്നവയല്ലെന്നും അതിനെ ദുർബലമാക്കുന്ന പുതിയ നിരീക്ഷണങ്ങൾ വർധിച്ചുകൊണ്ടിരിക്കുന്നു എന്നതുമാണ് ഇതിനു കാരണം. ഇരുപത്തിയഞ്ച് വർഷം മുമ്പ് ഹൊവാഡ് സൂചിപ്പിച്ച ഈ പ്രശ്നങ്ങൾ പിൽക്കാലത്ത് കൂടുതൽ സങ്കീർണമാവുകയാണുണ്ടായത്.

ഡാർവിന്റെ കൃതി പ്രസിദ്ധീകരിച്ച ശേഷം നടന്ന വിവാദങ്ങളിൽ ശ്രദ്ധേയമായ ആദ്യത്തെ സംവാദം ബിഷപ്പ് വിൽബർ ഫോഴ്സും പ്രമുഖ ജീവശാസ്ത്രജ്ഞനായ ഹക്സലിയും തമ്മിലാണ് നടന്നത്. 1860 ജൂൺ മുപ്പത്. ഒരു പാതിരി ജീവശാസ്ത്രജ്ഞനെ നേരിടുകയാണ്. ഇന്നത്തെ സ്ഥിതിയോ? കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ നൂറുകണക്കിന് പരിണാമസൃഷ്ടി സംവാദങ്ങൾ നടക്കുകയുണ്ടായി. ഒന്നിൽപോലും ഒരു പാതിരിയും ശാസ്ത്രജ്ഞനും ഏറ്റുമുട്ടിയിട്ടില്ല. ഏറക്കുറെ എല്ലാ സംവാദങ്ങളിലും ഡാർവിനിസത്തിനെതിരെ സംസാരിക്കാൻ അണിനിരന്നവർ ശാസ്ത്രജ്ഞർ തന്നെയാണ്. ഇവരിൽ ഒരാളെ പരിചയപ്പെടുത്താം. 'ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ക്രിയേഷൻ റിസർച്ച്' (Institute for Creation Research) ലെ ഡോ. ഡ്വാൻഗിഷ്. പരിണാമ ശാസ്ത്രജ്ഞരുമായി നൂറുകണക്കിന് സംവാദങ്ങൾ നടത്തിയ ഗിഷ് ലോകോത്തര സർവകലാശാലയായ കാലിഫോർണിയ സർവകലാശാലയിൽനിന്നും ബയോകെമിസ്ട്രിയിൽ ഡോക്ടറേറ്റ് നേടിയയാളാണ്. ഇദ്ദേഹത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ ശാസ്ത്രവിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ ആയിരത്തിലേറെ പേർ അംഗങ്ങളാണ്. ഇത്തരം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ എണ്ണം ഇപ്പോൾ നൂറുകണക്കിന് വരും!

മുമ്പ് സൂചിപ്പിച്ച സംവാദത്തിൽ പാതിരിയായ വിൽബർ ഫോഴ്സ് ശാസ്ത്രജ്ഞനായ ഹക്സലിയോട് ഉപസംഹാരത്തിൽ ചോദിച്ചതിങ്ങനെ: "മുത്തച്ഛൻ വഴിയോ മുത്തശ്ശി വഴിയോ ഡാർവിൻ കുരങ്ങിൽനിന്നുള്ള പാരമ്പര്യം അവകാശപ്പെടുന്നത്?" ഹക്സലിയുടെ മറുപടിയിതായിരുന്നു: "വളരെ കഴിവും ശക്തിയും സ്വാധീനവുമുള്ള വ്യക്തിയായിരുന്നിട്ടും ഗൗരവമുള്ള ശാസ്ത്ര ചർച്ചയിൽ പരിഹാസം അവതരിപ്പിക്കാൻ വേണ്ടിമാത്രം അതുപയോഗിക്കുന്ന മനുഷ്യൻ വേണോ അതോ കുരങ്ങൻ വേണോ മുത്തച്ഛനായി എന്ന് എന്നോട് ചോദിക്കുകയാണെങ്കിൽ ഞാൻ നിസ്സംശയം പറയും കുരങ്ങൻ മതിയെന്ന്."

പ്രഫ. ഹക്സലിയുടെ ഈ പ്രത്യുത്തരം വിൽബർഫോഴ്സിനെ ഇരുത്തിക്കളഞ്ഞുവെന്നാണ് ചരിത്രം രേഖപ്പെടുത്തുന്നത്. എന്നാൽ ഇന്ന് നടക്കുന്ന സൃഷ്ടി-പരിണാമ വിവാദങ്ങളുടെ ഫലമെന്താണ്? പരിണാമത്തെ അനുകൂലിക്കുന്ന പ്രമുഖ ജീവശാസ്ത്രജ്ഞരും എതിർക്കുന്ന ശാസ്ത്രജ്ഞരും തമ്മിലുണ്ടായ മിക്ക സംവാദങ്ങളിലും വിജയിച്ചത് എതിർക്കുന്ന ശാസ്ത്രജ്ഞരാണ്. കേൾവിക്കാരായ സദസ്യർക്കിടയിൽ നടത്തിയ അഭിപ്രായ വോട്ടെടുപ്പിൽ നിന്നാണ് ഇക്കാര്യം തെളിഞ്ഞത്. സംവാദങ്ങളിൽ പരിണാമ അനുകൂലികൾക്കാണ് തോൽവി സംഭവിക്കാറ് എന്ന വസ്തുത പരിണാമ വാദികൾ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. *ബയോസയൻസ്* എന്ന പ്രമുഖ ശാസ്ത്രമാസികയിൽ പരിണാമവാദിയായ ദുബയ് എഴുതിയ കത്തിലെ ഒരു ചോദ്യമിതാണ് - "പരിണാമവാദികളും സൃഷ്ടിവാദികളും തമ്മിലുള്ള പരസ്യ സംവാദങ്ങളിൽ സ്ഥിരമായി സൃഷ്ടിവാദികൾ വിജയിക്കുന്നതായി കാണപ്പെടുന്നതെന്തുകൊണ്ട്?" (Bioscience, 1980 Jan, P. 4).

എന്തുകൊണ്ടെന്ന് പരിണാമവാദികൾ അന്വേഷിച്ച് കണ്ടെത്തട്ടെ. കാരണം എന്തായാലും സംവാദങ്ങളിൽ പരാജയപ്പെടുന്നു എന്നവർ സമ്മതിച്ചു എന്നത് ശ്രദ്ധേയമാണ്. പ്രധാനകാരണം ഡാർവിനിസത്തിനെതിരായ ശാസ്ത്രീയ വിമർശനങ്ങൾക്ക് സംതൃപ്തമായ വിശദീകരണം നൽകാൻ പരിണാമവിദഗ്ധർക്ക് കഴിയുന്നില്ല എന്നതാണ്. പ്രമുഖ സർവകലാശാലകളിലെ പ്രഫസർമാർ, വിദ്യാർഥികൾ, വിദ്യാസമ്പന്നരായ പൊതുജനങ്ങൾ എന്നിവരടങ്ങുന്ന സദസിന് ഇക്കാര്യം ബോധ്യപ്പെടുന്നതുകൊണ്ടാണല്ലോ അഭിപ്രായ വോട്ടെടുപ്പിൽ പരിണാമ വിമർശകർ വിജയിച്ചതായി അവർ രേഖപ്പെടുത്തുന്നത്. സൃഷ്ടി വാദത്തിൽ വിശ്വ

## ഡാർവിൻ സഭയിലെ പോപ്പ്



ഡോക്കിൻസ്

ഡാർവിനിസത്തെ ശാസ്ത്രീയമായും ദാർശനികമായും പരിശോധിച്ചാൽ അതൊരു ആധുനിക മതമാണെന്ന് ഗ്രഹിക്കാനാവും. പരമ്പരാഗത മതങ്ങളിൽ നിന്നുള്ള വ്യത്യാസമിതാണ്. പ്രകൃതിയാണ് ദൈവം, പരിണാമമാണ് മൗലികവിശ്വാസം. 'ഡാർവിന്റെ ബുൾഡോഗ്' എന്നറിയപ്പെട്ട ഹക്സലിയായിരുന്നു പ്രഥമ പോപ്പ്. ഇന്നത്തെ പോപ്പാകട്ടെ ഓക്സ്ഫഡ് സർവകലാശാലയിലെ ജീവശാസ്ത്ര പ്രഫസറായ റിച്ചാഡ് ഡോക്കിൻസാണ്. ഡാർവിനിസ്റ്റ് സഭയിലെ പോപ്പായ റിച്ചാഡ് ഡോക്കിൻസ് ഈയിടെ ഒരു തിട്ടൂരമിറക്കി. അതിന്റെ കഥയിതാ.....

അമേരിക്കയിലെ പെർമോണ്ട് യൂനിവേഴ്സിറ്റി പ്രസിഡന്റ് മാർക്ക് ഫോഗൽ യൂനിവേഴ്സിറ്റിയിലെ പ്രാരംഭ പ്രസംഗത്തിന് പ്രശസ്ത ധനശാസ്ത്രജ്ഞനായ ബെൻസ്റ്റീനെ ക്ഷണിച്ചു. 2008 ഏപ്രിൽ 25-നായിരുന്നു പരിപാടി നിശ്ചയിച്ചിരുന്നത്. എന്നാൽ ഇതറിഞ്ഞതോടെ റിച്ചാഡ് ഡോക്കിൻസ് ഒരു തിട്ടൂരം തയാറാക്കി ഫോഗലിനയച്ചു. ബെൻസ്റ്റീനെ പ്രസംഗിക്കാൻ അനുവദിക്കരുതെന്നായിരുന്നു ഉത്തരവ്. കാരണം മറ്റൊന്നല്ല, ബൻസ്റ്റീൻ പരിണാമവിമർശകനും സൃഷ്ടിവാദ അനുകൂലിയുമാണ്. മാത്രമല്ല, ഹോളോകാസ്റ്റ് പോലുള്ള ആധുനികകാലത്തെ വംശീയകൂട്ടക്കൊലകൾക്ക് കാരണം ഡാർവിനിസമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ടത്രെ! ഇതെല്ലാം സത്യമാണെങ്കിലും ഡാർവിൻസഭയുടെ പോപ്പായ ഡോക്കിൻസിന് സമ്മതിക്കാനാവുമോ? പ്രശസ്തനായ ഒരു ധനശാസ്ത്രജ്ഞൻ പ്രഭാഷണത്തിനിടെ ഇത്തരം ചരിത്ര യാഥാർഥ്യങ്ങൾ തുറന്നു പറഞ്ഞാൽ ഡാർവിനിസ്റ്റ് മതവികാരം വ്രണപ്പെടാതിരിക്കുമോ? ഈ പ്രശ്നങ്ങൾ യൂനിവേഴ്സിറ്റി പ്രസിഡന്റ് ബൻസ്റ്റീനെ അറിയിച്ചു. സ്റ്റീൻ സ്വമേധയാ പ്രഭാഷണത്തിൽനിന്ന് പിൻമാറി. ഇതാണ് ഡാർവിനിസ്റ്റുകളുടെ അസഹിഷ്ണുത! ■

സിക്കുന്ന പരിണാമ വിമർശകരായ ശാസ്ത്രജ്ഞരുമായി സംവാദത്തിലേർപ്പെടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റിയും അനുവർത്തിക്കേണ്ട തന്ത്രങ്ങളെപ്പറ്റിയും ഡാർവിനിസ്റ്റുകൾ ഗൗരവപൂർവം ആലോചിച്ചുവരികയാണ്. ഇവർ കണ്ടെത്തിയ തന്ത്രങ്ങളിലൊന്ന് എന്താണെന്നോ? പരിണാമ വിമർശകരുമായുള്ള സംവാദത്തിൽ ചർച്ചയൂന്നേണ്ടത് ഡാർവിനിസത്തിന്റെ ശാസ്ത്രീയാടിത്തറയിലാവരുത്, മറിച്ച് സൃഷ്ടിവാദത്തിന്റെ മതപരമായ അടിസ്ഥാനങ്ങളിലാവണം! ഡാർവിനിസത്തിന് ശാസ്ത്രീയാടിസ്ഥാനമുണ്ടോ എന്ന് അന്വേഷിക്കാൻ മുതിർന്നാൽ സംവാദത്തിൽ സൃഷ്ടിവാദികൾ വിജയിക്കുമെന്നർഥം. അതായത് ഡാർവിനിസത്തിന്റെ ശാസ്ത്രീയാടിസ്ഥാനം സമർഥിക്കുന്നതിൽ പരിണാമവാദികൾ പരാജയപ്പെടുമെന്ന്! ഈ പരാജയഭീതി എത്രത്തോളമെന്നറിയാൻ ചില പ്രമുഖ പരിണാമവിദഗ്ധരുടെ നിലപാട് നിരീക്ഷിച്ചാൽ മതി. സൃഷ്ടിവാദികൾക്കെതിരെ ശക്തമായ വിമർശനങ്ങൾ നടത്തിയ ലോകപ്രശസ്ത ഫോസിൽ ശാസ്ത്രജ്ഞനും സൈദ്ധാന്തികനുമാണ് പ്രഫ. സ്റ്റീഫൻ ഗൗൾഡ്. പക്ഷേ, സൃഷ്ടിവാദികളുമായി സംവാദത്തിന് താൻ സന്നദ്ധനല്ല എന്നതായിരുന്നു ഇദ്ദേഹത്തിന്റെ പ്രഖ്യാപിത നിലപാട്! കാരണമായി ചൂണ്ടിക്കാട്ടിയതെന്താണെന്നോ, സൃഷ്ടിവാദികളായ ശാസ്ത്രജ്ഞരുമായി സംവാദത്തിന് തയാറായാൽ അത് സൃഷ്ടിവാദത്തിന് മാന്യതയും ശാസ്ത്രീയതയും വകവെച്ചുകൊടുക്കലായിരിക്കുമത്രെ! ഈ വാദം ശരിയാണെങ്കിൽ സൃഷ്ടിവാദത്തിന് മാന്യതയും ശാസ്ത്രീയതയും വകവെച്ചുകൊടുത്ത ആദ്യത്തെയാൾ സ്റ്റീഫൻ ഗൗൾഡിന്റെ നേതാവായിരുന്ന പ്രഫ. ഹക്സലിയാണെന്ന് സമ്മതിക്കേണ്ടിവരും. സൃഷ്ടിശാസ്ത്രജ്ഞരുമായി നിരന്തരം സംവാദത്തിന് തയാറാവുന്ന അനേകം പരിണാമവിദഗ്ധർ അമേരിക്കയിലുണ്ട്. ഇവരൊക്കെ സൃഷ്ടിവാദത്തിന് മാന്യതയും ശാസ്ത്രീയതയും നൽകിയെന്നും സമ്മതിക്കേണ്ടിവരും. ഒരർഥത്തിൽ സ്റ്റീഫൻ ഗൗൾഡ് എന്ന സൃഷ്ടിവാദ വിമർശകന്റെ ഈ ആശങ്കകളെല്ലാം തീർത്തും ശരിയാണ്. ഓരോ സൃഷ്ടി-പരിണാമ സംവാദത്തിലൂടെയും സൃഷ്ടിവാദം ശക്തിപ്പെടുകയും ശാസ്ത്രജ്ഞരടക്കമുള്ള സദസിന് അതിന്റെ ശാസ്ത്രീയത ബോധ്യമാവുകയും ചെയ്തതായി കാണാം.

അടുത്തകാലത്ത് ജീവിച്ചിരുന്ന പരിണാമ ശാസ്ത്രജ്ഞർക്കിടയിൽ ഏറ്റവും പ്രഗത്ഭനും പ്രശസ്തനും പണ്ഡിതനുമായ സ്റ്റീഫൻ ഗൗൾഡ് സംവാദങ്ങളിൽനിന്നും ഒഴിഞ്ഞുമാറിയതിന്റെ കാരണം മറ്റൊന്നാണെന്ന് തോന്നുന്നു. യഥാർഥത്തിൽ ഡാർവിനിസത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ മുഖ്യധാരാ ശാസ്ത്രജ്ഞരിൽ പ്രമുഖനാണ് സ്റ്റീഫൻ ഗൗൾഡ് എന്നു പറയാം. ഡാർവിനിസത്തെ ഭക്തിപ്രസ്ഥാനം പോലെ ശാസ്ത്രജ്ഞർ വഹിച്ചുകൊണ്ട് നടന്ന കാലത്താണ് ഫോസിൽ ശാസ്ത്രം ഡാർവിന്റെ ക്രമാനുഗത പരിണാമ സങ്കൽപത്തെ പിന്തുണക്കുന്നില്ലെന്ന് ഗൗൾഡ് പ്രഖ്യാപിച്ചത്. ഈ ധീരത തീർച്ചയായും അഭിനന്ദനീയമാണ്. ഗൗൾഡിനെപ്പോലെ സമുന്നതനായ ഒരു ഫോസിൽ ശാസ്ത്രജ്ഞനാണ് ഈ യാഥാർഥ്യം (രാജാവ് നഗ്നനാണെന്ന്) തുറന്നു പറഞ്ഞത് എന്നതുകൊണ്ട് മാത്രമാണ് ശാസ്ത്രലോകത്ത് അതിന് സ്വീകാര്യതയുണ്ടായത്. എന്നാൽ പോലും എല്ലാവരും ഇക്കാര്യം അംഗീകരിച്ചില്ലെന്നു മാത്രമല്ല, ചില ശാസ്ത്രജ്ഞർ കടുത്ത എതിർപ്പുമായി രംഗത്തിറങ്ങി. ജോൺ മെയ്നാഡ് സ്മിത്ത് എന്ന വിഖ്യാത ശാസ്ത്രജ്ഞൻ ഉദാഹരണം. ഇന്നും നിരവധി ശാസ്ത്രജ്ഞർ ഈ യാഥാർഥ്യം അംഗീകരിക്കാൻ മടിക്കുന്നവരാണ്. എന്നാൽ ഫോസിൽ ശാസ്ത്രജ്ഞരെല്ലാം ഏറക്കുറെ ഈ പ്രശ്നം സമ്മതിച്ചു കഴിഞ്ഞു. ഒടുവിൽ ഗത്യന്തരമില്ലാതെയാകണം 'ന്യൂയോർക്ക് ടൈംസ് റിവ്യൂ ഓഫ് ബുക്ക്സി'ൽ ഗൗൾഡിന് ഒരു ലേഖനം എഴുതേണ്ടിവന്നത്. ശീർഷകം കൗതുകകരമാണ്- 'ഡാർവീനിയൻ മൗലികവാദം' (Darwinian Fundamentalism)!

തീർച്ചയായും ഡാർവിനിസം ഇന്നൊരു ശാസ്ത്ര മൗലികവാദമാണ്. ഡാർവിനിസം ശാസ്ത്രമെന്നതിനേക്കാൾ ശാസ്ത്രമതമാണ്. അൽപം കൂടി സൂക്ഷ്മമായി പറഞ്ഞാൽ ആധുനികതയുടെ മതമാണ് ഡാർവിനിസം. നിരീശ്വര-ഭൗതിക സംസ്കാരത്തിന് ദാർശനികവും ശാസ്ത്രീയവുമായ പരിവേഷം നൽകുക എന്ന ചരിത്രപരമായ ദൗത്യം നിറവേറ്റിയതുകൊണ്ടാണ് ഡാർവിനും ഡാർവിൻ കൃതികളും സ്വീകാര്യത നേടിയത്. കേരളോൽപ്പത്തിയെക്കുറിച്ചുള്ള പരശുരാമ ഐതിഹ്യം പോലെ ശാസ്ത്രലോകത്ത് നിലനിൽക്കുന്ന മിത്താണ് ഡാർവിനിസം. പരശുരാമൻ ഗോകർണത്തുനിന്ന് കന്യാകുമാരിയിലേക്ക് മഴുവെറിഞ്ഞപ്പോൾ അതിനിടയിലുള്ള കരഭാഗങ്ങൾ കടലിൽനിന്ന് പൊങ്ങിയുണ്ടായതാണ് കേരളം എന്നതാണ് ഐതിഹ്യം. ഈ ഐതിഹ്യത്തിലും യാഥാർഥ്യങ്ങളുടെ അംശങ്ങൾ കാണാം. കേരളം, ഗോകർണം, കന്യാകുമാരി, മഴു, കടൽ.... ഇവയെല്ലാം യാഥാർഥ്യങ്ങളാണ്. എന്നാൽ ഐതിഹ്യം മൊത്തമായെടുത്താൽ കെട്ടുകഥയാണ്. ഇതിനു സമാനമാണ് ഡാർവിനിസം. ഓരോ തലമുറയിലെയും കുഞ്ഞുങ്ങൾക്കിടയിലെ വിഭിന്നതകൾ, വ്യത്യാസങ്ങൾ പരമ്പരാഗതമായി കൈമാറപ്പെടുന്നത്, സാഹചര്യത്തിന് അനുയോജ്യമായവക്ക് അതിജീവിക്കുക എളുപ്പമാണെന്നത്... എന്നിത്യാദി നിരീക്ഷണങ്ങളെല്ലാം ശാസ്ത്രദൃഷ്ട്യാ ശരിയാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ വഴി ഒരു ജീവിവർഗം മറ്റൊന്നായി മാറും എന്നത് വെറും അഭ്യൂഹമാണ്. ശാസ്ത്രീയമായി ഒരിക്കലും തെളിഞ്ഞിട്ടില്ലാത്തതും തെളിയിക്കാനാവാത്തതുമായ സിദ്ധാന്തീകരണം മാത്രമാണ്. അതുകൊണ്ടാണ് കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ ശാസ്ത്ര ദാർശനികനായ (ഈ നൂറ്റാണ്ടിലും സമാനനായ ഒരാൾ ഉണ്ടായിട്ടില്ല) കാൾ പോപ്പർ ഡാർവിനിസം ഒരു ശാസ്ത്രീയ സിദ്ധാന്തമല്ലെന്ന് അഭിപ്രായപ്പെട്ടത്. ■